2007
ഒക്ടോബർ 29
തിങ്കൾ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 MONDAY OCTOBER 29 , 2007 SHAWWAL 18, 1428. PAGE 16, ISSUE 3138

# ഫെസ്റ്റിവൽ സമാപിച്ചു; രജിസ്ട്രേഷന് മൊബൈൽ യൂനിറ്റുകളും പ്രവർത്തിക്കും

എം. സുരേഷ് കുമാർ



*അഹമ്മദ് അൽ ഖബ്ബാസ്*

മനാമ: ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്നുവന്ന ഫെസ്റ്റിവലിന് ഇന്നലെ സമാപ്തി കുറിച്ചു. എന്നാൽ രജിസ്ട്രേഷൻ നടപടികൾ തുടരുമെന്ന് എൽ.എം.ആർ.എ ഇൻസ്പെക്ഷൻ മാനേജർ അഹമ്മദ് അൽ ഖബ്ബാസ് 'ഗൾഫ് മാധ്യമ'ത്തോട് പറഞ്ഞു. ഇതോടൊപ്പം നിലവിലുള്ള മൊബൈൽ രജിസ്ട്രേഷൻ യൂനിറ്റുകൾ കൂടുതൽ സജീവമായി പ്രവർത്തിക്കും. തെരഞ്ഞെടുത്ത കമ്പനികളിൽ ലേബർ അതോറിറ്റി ഉദ്യോഗസ്ഥർ ആവശ്യമായ ഉപകരണങ്ങളുമായി എത്തി രജിസ്റ്റർ ചെയ്യും. ഇതിന് പുറമെ വിവിധ കേന്ദ്രങ്ങളിൽ ക്യാമ്പുകൾ ആരംഭിക്കുന്ന കാര്യം ആലോചനയിലാണ്. എവിടെയൊക്കെ തുടങ്ങണമെന്നും ഏർപ്പെടുത്തേണ്ട സംവിധാനങ്ങളെന്തെന്നും ഉടൻ തീരുമാനമെടുക്കും.

**പൊതുമാപ്പ് 2007**

**ആഗസ്റ്റ് 1 – ഡിസംബർ 31**

ഈ മാസം 17ന് ആരംഭിച്ച മേള 25ന് അവസാനിക്കുമെന്നായിരുന്നു നേരത്തെ പ്രഖ്യാപിച്ചിരുന്നതെങ്കിലും തിരക്ക് പ്രമാണിച്ച് പിന്നീട് 28 വരെ നീട്ടുകയായിരുന്നു. ലേബർ അതോറിറ്റിയുടെ പുതിയ നിയമങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി സംഘടിപ്പിച്ച പരിപാടിക്ക് വൻസ്വീകാര്യതയാണ് ലഭിച്ചത്. എല്ലാ ദിവസവും രാവിലെ ഒമ്പത് മണി മുതൽ രാത്രി ഒമ്പത് വരെ നടന്നിരുന്ന ഫെസ്റ്റിവൽ വേദിയിൽ രജിസ്ട്രേഷനടക്കം നടപടികൾക്ക് സൗകര്യം ഏർപ്പെടുത്തിയിരുന്നു.

അവസാന ദിവസമായ ഇന്നലെ വെളുപ്പിന് മൂന്നര മുതൽ ആളുകൾ തടിച്ചുകൂടിയതായി വിവരം ലഭിച്ചതിനെ തുടർന്ന് അതോറിറ്റി ഉദ്യോഗസ്ഥരും ആറു മണിക്ക് സ്ഥലത്തെത്തി പ്രവർത്തനങ്ങൾ ആരംഭിച്ചതായി അദ്ദേഹം അറിയിച്ചു. ഇന്നലെ മാത്രം 7000ത്തിലധികം ആളുകളാണ് ഫെസ്റ്റിവലിനെത്തിയത്. ഇതുവരെ 95,000 പേർ സന്ദർശിച്ച മേളയിൽ 45,000ത്തോളം പേർ രജിസ്ട്രേഷൻ നടത്തിയതായാണ് ഏകദേശ വിവരം.

ഫെസ്റ്റിവലിൻെറ ആദ്യദിനങ്ങളിൽ രണ്ടായിരത്തോളം പേരാണ് രജിസ്ട്രേഷൻ നടത്താനെത്തിയതെങ്കിലും പിന്നീട് ഇത് 5,000 പേരായി. മേളയോടൊപ്പം വിവിധ കലാപരിപാടികളും ഒരുക്കിയത് ഏറെ ജനങ്ങളെ ആകർഷിച്ചിരുന്നു. സമ്രാജിൻെറ മാജിക് ഷോ, പാക്കിസ്ഥാനി സംഗീതം, ഇശൽ മർഹബ എന്ന സംഗീത പരിപാടി തുടങ്ങിയവ ഇതിൻെറ ഭാഗമായി ഒരുക്കിയിരുന്നു.

ഇതിന് പുറമെ മേളക്കെത്തുന്നവരിൽ നിന്ന് തെരഞ്ഞെടുത്തവർക്ക് ഗൾഫ് എയറിൻെറ ടിക്കറ്റ് സമ്മാനമായി നൽകിയിരുന്നു. തിരക്ക് വർധിച്ചതോടെ കമ്പനികളുടെ രജിസ്ട്രേഷൻ വേദി എക്സിബിഷൻ സെൻററിൽ നിന്ന് എൽ.എം. ആർ.എ ആസ്ഥാനത്തേക്ക് മാറ്റേണ്ടിവന്നതായി അഹമ്മദ് അൽ ഖബ്ബാസ് പറഞ്ഞു.